ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.11.2024**

## പ്രധാനവാർത്തകൾ

1. മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലും പ്രചാരണം ശക്തം ; മൂന്ന് മുന്നണികളുടെയും മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത്.
2. കേരള സ്പോർട്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കം ; ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യു.
3. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ഇന്ന്; തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം റൺവേ ഉച്ചയ്ക്ക്ശേഷം താൽക്കാലികമായി അടച്ചിടും.
4. കേരളത്തിലെ വിനോദ സഞ്ചാരമേഖലയ്ക്ക് ഉണർവേകുന്ന സീപ്ലെയിൻ സർവ്വീസിന് മറ്റെന്നാൾ തുടക്കമാകും.
5. സംസ്ഥാന സ്കൂൾ കായികമേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ; അത്‌ലറ്റിക്സിൽ കുതിച്ച് മലപ്പുറം.

******************************************

### രത്തൻ ടാറ്റ

കൈവരിച്ച നേട്ടങ്ങളല്ല, പാവങ്ങളോടുള്ള കരുതലാണ് നേതൃത്വത്തിന്റെ അളവ് കോലെന്ന്, രത്തൻ ടാറ്റയുടെ ജീവിതം

PNU TVPM

നമ്മെ ഓർമ്മപ്പെടുത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രമുഖ വ്യവസായിയും മനുഷ്യസ്നേഹിയുമായ രത്തൻ ടാറ്റ സ്പർശിച്ച ജീവിതങ്ങളിലൂടെയും പോഷിപ്പിച്ച സ്വപ്നങ്ങളിലൂടെയും അദ്ദേഹം ഇന്നും ജീവിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. രത്തൻ ടാറ്റ വിടപറഞ്ഞ് ഒരു മാസം തികയുമ്പോൾ ദേശീയ ദിനപത്രത്തിലെഴുതിയ ഓർമ്മക്കുറിപ്പിലാണ് ശ്രീ മോദി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

*******************************

## തിരഞ്ഞെടുപ്പ് - മഹാരാഷ്ട്ര, ഝാർഖണ്ഡ്

നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പ്രചാരണം ഊർജ്ജിതം. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി മഹാരാഷ്ട്രയിലെ അകോലയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തു. ഉച്ചക്ക് ശേഷം നന്ദേഡിലും അദ്ദേഹം തിരഞ്ഞെടുപ്പ് പരിപാടിയിൽ സംസാരിക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ധൻബാദ് ജില്ലയിലെ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും.

RNU TVPM

*******************************

## ചേലക്കര - മുഖ്യമന്ത്രി

സംസ്ഥാനത്ത് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ശക്തമായി. ചേലക്കരയിൽ എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപിനായി മുഖ്യമന്ത്രി പിണറായി വിജയൻ അവസാനഘട്ട പ്രചരണത്തിനെത്തി. ഇന്ന് വരവൂരിലും ദേശമംഗലത്തും ചെറുതുരുത്തിയിലും മുഖ്യമന്ത്രി പ്രസംഗിക്കും. യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം 3 പഞ്ചായത്തുകളിലായാണ്. ഇന്ന് വൈകിട്ട് നടക്കുന്ന റാലിയും പൊതുസമ്മേളനവും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണൻ ഇന്ന്

നേരിട്ട് ജനങ്ങളെ കണ്ട വോട്ട് തേടുന്നത് മുള്ളൂർക്കര പഞ്ചായത്തിലാണ്.

*********************************

<u>പാലക്കാട് പ്രചാരണം</u>

പാലക്കാട് നിയമസഭാ മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് മാത്തൂർ പഞ്ചായത്തിൽ വാഹന പര്യടനം നടത്തും. വൈകീട്ട് ചെങ്ങന്നിയൂർ കാവിൽ പര്യടനം സമാപിക്കും. എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ പിരായിരി വെസ്റ്റ്, പാലക്കാട് നോർത്ത് ഏരിയകളിൽ പ്രചരണം നടത്തും. കുടുംബയോഗങ്ങളിൽ മുൻ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർഥി ഡോ പി.സരിൻറെ വോട്ട് തേടിയുള്ള പൊതു പര്യടനം ഇന്ന് ഉണ്ടാവില്ല.

RNUTVPM

*********************************

<u>വയനാട് പ്രചാരണം ( ഇൻട്രോ )</u>

ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ വയനാട് ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ. ദേശീയ സംസ്ഥാന നേതാക്കൾ ജില്ലയിൽ ക്യാമ്പ് ചെയ്താണ് പ്രചാരണം ഏകോപിപ്പിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.......**

(വോയ്സ്)

*********************************

<u>ശ്രീപത്മനാഭ സ്വാമി ആറാട്ട്</u>

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ഇന്ന്. ആറാട്ട് ഘോഷയാത്ര

നടക്കുന്നതിനാൽ ഇന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം അഞ്ച് മണിക്കൂർ അടച്ചിടും. വൈകുന്നേരം നാല് മണി മുതൽ രാത്രി ഒൻപത് മണി വരെയാണ് വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുക. യാത്രക്കാർ അതത് വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് പുതുക്കിയ സമയം പരിശോധിക്കേണ്ടതാണ്. ഉച്ചയ്ക്ക് ശേഷം 3 മണി മുതൽ രാത്രി 10 മണി വരെ നഗരത്തിൽ ഗതാഗത ക്രമീകരണവും ഏർപ്പെടുത്തും. വാഴപ്പള്ളി ജംഗ്ഷൻ മുതൽ മിത്രാനന്ദപുരം, ഫോർട്ട് സ്കൂൾ വരെയുള്ള റോഡിലും, പടിഞ്ഞാറേ നട മുതൽ ഈഞ്ചക്കൽ, വള്ളക്കടവ്, ആറാട്ട് ഗേറ്റ് വരെയുള്ള റോഡിലും ഗതാഗത നിയന്ത്രണമുണ്ട്. ഈ ഭാഗങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല.

*******************************************

## സീ പ്ലെയർ -ഇടുക്കി .. (ഇൻട്രോ)

സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് വഴിയൊരുക്കുന്ന സീപ്ലെയിൻ സർവീസ് തിങ്കളാഴ്ച മന്ത്രി പി.എ മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും. കേന്ദ്ര സർക്കാരിൻറെ ഉഡാൻ റീജിയണൽ കണക്ടിവിറ്റി പദ്ധതിക്ക് കീഴിലുള്ള സീപ്ലെയിൻ സർവീസാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത്. ഫ്ളാഗ് ഓഫിനു ശേഷം ഇടുക്കിയിലെ മാട്ടുപ്പെട്ടിയിലേക്ക് സർവീസ് നടത്തുന്ന വിമാനത്തിന് മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ സ്വീകരണം നൽകും. ഇടുക്കിയുടെ ചരിത്രത്തിലാദ്യമായി ജലവിമാനമെത്തുന്നതോടെ പശ്ചിമഘട്ടത്തിന്റെ ഹരിതാഭ ആസ്വദിക്കാൻ കൂടുതൽ വിനോദ സഞ്ചാരികളെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...........**

(വോയ്സ്)

*******************************************

RNU TVPM

## സ്‌പോർട്സ് കോൺക്ലേവ് - ഗവർണർ

കേരള സ്‌പോർട്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. കായിക കേരളത്തെ ഉത്തേജിപ്പിക്കാൻ സംസ്ഥാന സ്‌പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ കേരള ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിലാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിൻറെ കായിക വികസനത്തിനായുള്ള കർമ്മ പദ്ധതി, സ്‌പോർട്സ് അസോസിയേഷനുകളുടെ സുതാര്യമായ പ്രവർത്തനം തുടങ്ങിയവ ചർച്ചയാകും.

********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

PNU TVPM

********************************

## ആകാശവാണി സംഗീതക്കച്ചേരി

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ആം വാർഷികത്തോടനുബന്ധിച്ച് കോട്ടയം കുമാരനല്ലൂർ ക്ഷേത്രാങ്കണത്തിൽ ഇന്ന് വൈകുന്നേരം ആറ് മണിക്ക് സംഗീതക്കച്ചേരി നടക്കും. ആകാശവാണിയും കോട്ടയം നാദോപാസന സംഗീതസഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം നിലയം പ്രോഗ്രാം വിഭാഗം മേധാവി വി. ശിവകുമാർ നിർവഹിക്കും. നാദോപാസന സംഗീതസഭ പ്രസിഡൻറ് തിരുവിഴ ജയശങ്കർ അധ്യക്ഷനാകും.

******************************************

## മാനാഞ്ചിറ സ്ക്വയർ... ഇൻട്രോ

കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിന് 30 ആണ്ട് പിന്നിടുന്നു. 1994 ലാണ് മാനാഞ്ചിറ മൈതാനത്തെ ഇന്ന് കാണുന്ന രൂപത്തിൽ മാനാഞ്ചിറസ്ക്വയറായി പരിവർത്തനം ചെയ്തത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു........**

(വോയ്സ്)

******************************************

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ 1844 പോയിന്റോടെ തിരുവനന്തപുരം മുന്നിൽ. രണ്ടാം സ്ഥാനത്ത് 741 പോയിന്റുമായി തൃശ്ശൂരും, മൂന്നാം സ്ഥാനത്ത് 635 പോയിൻറ് നേടിയ കണ്ണൂരുമാണ് ഉള്ളത്. അത് ലറ്റിക്സിൽ 33 ഇനങ്ങൾ പൂർത്തിയായപ്പോൾ എട്ട് സ്വർണ്ണവും, ഏഴ് വെള്ളിയും, ആറ് വെങ്കലവുമടക്കം 67 പോയിൻ്റുമായി മലപ്പുറം മുന്നിട്ട് നില്ക്കുന്നു. 55 പോയിൻ്റുമായി പാലക്കാട് തൊട്ടു പിന്നിലുണ്ട്.

RNU TVPM

******************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം ഉത്തർപ്രദേശിനെ പരാജയപ്പെടുത്തി. ഇന്നിങ്സിനും 117 റൺസിനുമാണ് കേരളത്തിന്റെ ജയം.

******************************************

ഭക്ഷ്യ വിഷബാധ

വയനാട്ടിൽ കുന്നമ്പറ്റയിൽ താമസിക്കുന്ന രണ്ട് കുട്ടികൾക്ക് ഭക്ഷ്യ വിഷബാധ. മേപ്പാടി പഞ്ചായത്ത് നൽകിയ കിറ്റിലെ സോയാബീൻ ഉപയോഗിച്ചശേഷമാണ് ആരോഗ്യപ്രശ്നങ്ങൾ എന്ന് ബന്ധുക്കൾ ആരോപിച്ചു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയ കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണ്. അതേസമയം ഭക്ഷ്യ മന്ത്രി ജി ആർ അനിൽ വൈത്തിരി താലൂക്ക് ആശുപത്രി സന്ദർശിച്ചു.

*******************************************

സർവെ- കണ്ണൂർ ...ഇൻട്രോ

കണ്ണൂർ ജില്ലയിലെ കേളകം പഞ്ചായത്തിൽപ്പെട്ട കൈലാസംപടിയിൽ ഭൗമ ശാസ്ത്രജ്ഞരുടെ സർവ്വെ പൂർത്തിയായി. ഭൂമിയിൽ വിള്ളലുണ്ടായതിനാൽ ഇവിടെ നിരവധി വീടുകൾക്ക് കേടുപാടുണ്ടാവുകയും താമസ യോഗ്യമല്ലാതാവുകയും ചെയ്തിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....**

(വോയ്സ്)

*******************************************

സ്വാമി പ്രണവാനന്ദ- സമാധി

സമാധിയായ പന്മന ആശ്രമം മഠാധിപതി സ്വാമി പ്രണവാനന്ദ തീർത്ഥപാദരുടെ സംസ്കാരച്ചടങ്ങുകൾ ഇന്ന് ഉച്ചയ്ക്കുശേഷം 3 മണിക്ക് നടക്കും. കൊല്ലം പന്മന ആശ്രമത്തിനു സമീപമാണ് സംസ്കാരം.

*******************************************

RNUTVPM

## വെടിക്കെട്ട് അപകടം

നീലേശ്വരം വെടിക്കെട്ട് അപകടം ഒരാൾ കൂടി മരിച്ചു. ഇതോടെ മരണം അഞ്ചായി . കരിന്തളം മഞ്ഞളാംകാട്ടെ കെ. രജിത്ത് ആണ് ഒടുവിൽ മരിച്ചത്. മൃതദേഹം നടപടികൾ പൂർത്തിയാക്കി മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിൽ നിന്ന് നാട്ടിലെത്തിക്കും. 50 ഓളം പേർ പൊള്ളലേറ്റ് വിവിധ ആശുപത്രികളിൽ ചികിൽസയിലുണ്ട്.

*************************************************

## ഓട്ടോറിക്ഷ അപകടം

തിരുവനന്തപുരത്ത് ഓട്ടോറിക്ഷ മറിഞ്ഞ് കാണാതായ കല്ലയം പ്ലാവിള സ്വദേശി വിജയന്റെ മൃതദേഹം കണ്ടെത്തി. മരുതൂർ തോടിന് ഏകദേശം നാല് കിലോമീറ്റർ അകലെയായാണ് മൃതദേഹം കണ്ടെത്തിയത്. ഇന്നലെ വൈകിട്ട് ആറ് മണിയോടെയാണ് അപകടം. നാട്ടുകാർ ചേർന്ന് ഡ്രൈവർ സുരേഷിനെ രക്ഷപ്പെടുത്തി. കാണാതായ വിജയന് വേണ്ടി പോലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് ഇന്നലെ മുതൽ തിരച്ചിൽ നടത്തിയിരുന്നു.

RINU TVPM

*************************************************

## സ്ഥാനാരോഹണം

കണ്ണൂർ രൂപതയുടെ പ്രഥമ സഹായ മെത്രാനായി നിയോഗിക്കപ്പെട്ട ഡോ. ഡെന്നിസ് കുറുപ്പശേരിയുടെ സ്ഥാനാരോഹണം നാളെ കണ്ണൂർ ബർണശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടക്കും. കഴിഞ്ഞ ഓഗസ്റ്റ് 15 ന് ഫ്രാൻസിസ് മാർപാപ്പയാണ് ഡെന്നീസ് കുറുപ്പശ്ശേരിയെ സഹായമെത്രാനായി നിയമിച്ചത്.

***************************************************************************************************************